പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവൽക്കരണം

21(*109) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനായി ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമായി എന്നു വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്):

(എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് മാന്വൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC-യുമായി സഹകരിച്ച് PRICE സോഫ്റ്റ്വെയർ രൂപകല്പന ചെയ്ത് നടപ്പിലാക്കി. ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഇ-ടെണ്ടറിംഗ് നടപ്പിലാക്കി. ഇ-പേമെന്റ് നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേക്കായി CPWD ഡേറ്റയും MORTH Specification-നും നാഷണൽ ബിൽഡിംഗ് കോഡും പൊതുവായി Delhi Schedule of rate-ഉം നടപ്പിലാക്കി. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജില്ലാതലത്തിൽ Quality Control ലാബുകൾ സ്ഥാപിച്ചു. നിർമ്മാണ രംഗത്തെ ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും നടപ്പാക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ ഒരു കേന്ദ്രീകൃത പരിശീലന സ്ഥാപനം (ട്രെയിനിംഗ് സെന്റർ) തുടങ്ങുന്നതിനുവേണ്ടി നേര്യമംഗലത്ത് കെട്ടിട നിർമ്മാണം നടന്നുവരുന്നു.

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ മുഖേന പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കിയിട്ടുണ്ട്. മാന്വൽ പരിഷ്കരണത്തിലൂടെ ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനഃക്രമീകരിച്ചതിനാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഓൺ ലൈൻ സംവിധാനമായ PRICE സോഫ്റ്റ്വെയർ നടപ്പിലാക്കിയതു വഴി എസ്റ്റിമേറ്റ് തയ്യാറാക്കി

LIBRARY ARCHIVES Kerala Legislative Assembly

അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട്. CPWD ഡേറ്റയും MORTH Specification-ഉം നാഷണൽ ബിൽഡിംഗ് കോഡും Delhi Schedule of rate-ഉം നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. Quality Control ലാബുകൾ മുഖേന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.

മൂന്നാർ ഭൂമി ഏറ്റെടുക്കൽ കേസ് പുന:പരിശോധനാ ഹർജി

22(*110) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. പി. കെ.ബഷീർ
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസിൽ പുനഃപരിശോധനാ ഹർജി തള്ളിയതിനെ തുടർന്നുള്ള സ്ഥിതി വിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) നഷ്ടപരിഹാര കാര്യത്തിൽ സർക്കാരിനുണ്ടാവുകുന്ന ബാദ്ധ്യത എത്രത്തോളമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തു തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്. മൂന്നാറിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളിലെ 696/14, 714/14, 825/14 നമ്പർ പുനഃപരിശോധനാ ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതി 23-12-2015-ൽ തള്ളി ഉത്തരവായതിനെ തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ Special Leave Petition ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 10,15,000 (പത്ത് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപയാണ്.

(സി) മൂന്നാർ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസിൽ പുനഃപരിശോധനാ ഹർജി തള്ളിയതിനെ തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ Special Leave Petition ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly